ശ്രീ. സി. കേശവൻ: അതിനെപ്പറ്റി ആലോചിക്കേണ്ട ആവശ്യമില്ല. ഇപ്പോൾ നിലവിലിരിക്കുന്ന നിയമംകൊണ്ടുതന്നെ അതു് തടയാവുന്നതാണു്. മദ്യനിരോധന മേഖലയിൽ ഇതു് തടയേണ്ട ആവശ്യമേ ഇല്ല. മറ്റു സ്ഥലങ്ങളിലായാലും ഈ വയസ്സിൽ കുറഞ്ഞ ആളുകൾക്കു ലഹരിസാധനങ്ങൾ വിൽക്കുവാൻ പാടില്ലെന്നു ട്രാവൻകൂർ ചിൽഡ്രൻസ് ആക്ടിൽ വ്യവസ്ഥയുണ്ടു്. It penalises giving any intoxicating drink to any person below the age of 16 years. Section 12 of the same Act enables seizure by a police officer of any beedy, tobacco or smoking mixture found in possession of persons below 16. There are, however no similar provisions in the Cochin Children's Act. But section 3 of the Cochin Juvenile Smoking Prevention Act II of 1125 penalises the selling of tobacco to any person under the age of 16 years and Section 4 enables the seizure of tobacco in possession of a person under the age of 16. അതുകൊണ്ടു് ഒരു പ്രത്യേക നിയമനിർമ്മാണത്തിന്റെ ആവശ്യം ഇല്ല.

ശ്രീമതി ദേവകി ഗോപിദാസ്: ഈ വ്യവസ്ഥയ്ക്കു വിപരീതമായി ധാരാളം പേർ പരസ്യമായിത്തന്നെ ലഹരിസാധനങ്ങൾ ഉപയോഗിക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. സി. കേശവൻ: ഈ വ്യവസ്ഥ അത്ര നിഷ്കൃഷ്ടമായി പ്രയോഗത്തിൽ കൊണ്ടുവരുന്നില്ലെന്നാണു് എനിക്കും തോന്നുന്നതു്. അതിൽ കൂടുതൽ ശ്രദ്ധവയ്ക്കണമെന്നാണു് ബഹു. മെമ്പർ നിർദ്ദേശിക്കുന്നതെങ്കിൽ ആ നിർദ്ദേശം സ്വീകരിക്കുന്നു.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ബീഡി, പുകയില മുതലായവ ലഹരിസാധനങ്ങളുടെ കൂട്ടത്തിൽപ്പെടുന്നവയാണെന്നു ഗവൺമെണ്ടിനു അറിയാമോ?

ശ്രീ. സി. കേശവൻ: മദ്യനിരോധന മേഖലയിൽ നിരോധിച്ചിട്ടുള്ള ലഹരിസാധനങ്ങളുടെ കൂട്ടത്തിൽ ഇവ ഉൾപ്പെടുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: അക്കൂട്ടത്തിൽ ഇവ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും ഇവയും ലഹരിസാധനങ്ങളല്ലേ?

ശ്രീ. സി. കേശവൻ: അങ്ങിനെയാണെങ്കിൽ പലതും ലഹരിസാധനങ്ങളായി ഗണിക്കേണ്ടിവരും.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ വ്യവസ്ഥകൾ വിപരീതമായി ലഹരിസാധനങ്ങൾ ഉപയോഗിക്കുന്ന കുട്ടികളെ ശിക്ഷിക്കുന്നതിനു ഇപ്പോൾ അധികാരമുണ്ടോ?

Mr. Speaker: Answer to that question has already been given.

ഉദ്യോഗസ്ഥന്മാരുടെ എണ്ണം

* ക്വസ്റ്റ്യൻ 9. (വ) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി റവന്യൂ ബോർഡിൽ നൂറു രൂപയ്ക്കുമേൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ആകെ എണ്ണമെത്ര;

(ബി) അവരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക പ്രസ്താവിക്കുമോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ക്വസ്റ്റ്യൻ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നായന്മാർ വ, ഈഴവർ ന, റോമൻ സിറിയൻ ഫ, ലത്തീൻ കൃസ്ത്യൻ ഫ, മാത്തോമ ഫ, തമിഴ് ബ്രാഹ്മണർ ഫ, സാരസ്വത ബ്രാഹ്മണൻ ഫ, മറ്റ ഹിന്ദു-വെള്ളാള ഫ.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ്: ഈ നിയമനങ്ങളിൽ സമുദായ നീതി ഗവണ്മെന്റ് പാലിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പബ്ലിക്ക് സർവ്വീസ് കമ്മീഷനാണ് അവരെ നിയമിക്കുന്നത്. സമുദായനീതി പാലിക്കണമെന്നുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ ഓരോ പോസ്റ്റിലും സമുദായനീതി പാലിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പ്രമോഷൻസിനു് സമുദായപ്രാതിനിധ്യം പാലിക്കുകയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ ഫൻ പേരും പ്രമോഷൻ കിട്ടിയിട്ടുള്ളവരാണോ?

ശ്രീ. എ. ജെ. ജോൺ: ഡയറക്ടായിട്ട നിയമിക്കപ്പെട്ടിട്ടുള്ളവരല്ല.

അഞ്ചൽവകുപ്പു സംയോജനം

*ഫ ഫ൯ വ. (൯) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) അഞ്ചൽ വകുപ്പു പോസ്റ്റ് ആൻറ് ടെലഗ്രാഫ് ഡിപ്പാർട്ട്മെൻറിൽ സംയോജിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ മുതൽ;

(സി) അഞ്ചൽനിരക്ക് വർദ്ധിപ്പിക്കുവാൻ ആലോചനയുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ആൻറ് (ബി) അഞ്ചൽ ഡിപ്പാർട്ട്മെൻറ് ഫൻ൫ ൦ ഏപ്രിൽ ഫ-ാം തീയതി മുതൽ ഇന്ത്യാ ഗവണ്മെൻറ് ഏറ്റെടുത്തുവെങ്കിലും ഈ തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് ഇൻഡ്യാ ഗവണ്മെൻറിൽനിന്നും ഏറ്റെടുത്ത് ഒരു ഏജൻസി മുഖാന്തിരം നടത്തിവരികയായിരുന്നു. ഈ ഏപ്രിൽ ഫ-ാം തീയതി മുതൽ അതു് ഇൻഡ്യാ ഗവണ്മെൻറ് ഏറ്റെടുത്തു. ഇൻഡ്യാ ഗവണ്മെൻറിന്റെ നേരിട്ട കീഴിലാണ് നടക്കുന്നതു്.

(സി) അഞ്ചൽ കാർഡിന്റെ വിലയും അഞ്ചൽ കവറിന്റെ വിലയും സംബന്ധിച്ചു ഡെപ്യൂട്ടി മിനിസ്റ്റർ ആഫ് കമ്മ്യൂണിക്കേഷൻസ് ഇവിടെ വന്നിരുന്ന അവസരത്തിൽ ഇവിടെവച്ചു ചർച്ച നടത്തി അതിൽ ചില തീരുമാനങ്ങൾ ചെയ്തുപോയിട്ടുണ്ടു്. ആ തീരുമാനങ്ങൾ ഇപ്പോൾ ഇൻഡ്യാ ഗവണ്മെൻറിന്റെ കയ്യിലിരിക്കുകയാണു്. കാർഡിന്റേയും കവറിന്റേയും ഇന്നത്തെ വില അതേപോലെതന്നെ രണ്ടു് കൊല്ലത്തേയ്ക്കെങ്കിലും നിലനിറുത്തിയാൽ കൊള്ളാമായിരുന്നു എന്നു ഗവണ്മെൻറ് അഭിപ്രായപ്പെട്ടിട്ടുണ്ടായിരുന്നു. കാർഡിന്റെ വില രണ്ടു പൈ കൂടി കൂട്ടിയും കവറിന്റെ വില ഒരണ ആക്കിയും ഇൻസ്യാ ഗവണ്മെൻറിന്റെ ഒരു കമ്മ്യൂണിക്കേഷൻ ഈ ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടു്. അതു് ഇവിടെ വച്ചു ചെയ്ത തീരുമാനത്തിനു വിരുദ്ധമാണെന്നും ഇവിടെവച്ചു ചെയ്ത തീരുമാനമനുസരിച്ചുതന്നെ റേറ്റു നിശ്ചയിക്കണമെന്നും വളരെ ശക്തിയായി ഗവണ്മെൻറ് ഇൻഡ്യാ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly